(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില തിരുവേണി യൂണിറ്റുകളിൽ കണക്കുകൾ പൂർത്തീകരിച്ച് സമർപ്പിക്കാത്തതിനാൽ വേതനം നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. അതു പരിഹരിക്കുന്നതിനുള്ള നടപടികൾ ഫെഡറേഷൻ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വായ്പകൾക്കുള്ള പലിശ

100 (3254) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുന്നതിന് നൽകിയിരുന്ന സഹായം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാർഷിക വായ്പയുടെ പലിശയിൽ എത്ര ശതമാനം ഇളവാണ് കേന്ദ്ര സർക്കാർ നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ബാങ്കുകൾ കാർഷിക വായ്പയ്ക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്;

(സി) കേന്ദ്ര സഹായം പിൻവലിച്ചാലും പലിശ രഹിത കാർഷിക വായ്പ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുന്നതിന് നൽകിയിരുന്ന പലിശ ഇളവ് പദ്ധതി 2015 ജൂലൈ മാസം 31 വരെയായി നിജപ്പെടുത്തിയിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തവണ തീയതിയിലോ അതിന് മുൻപോ തിരിച്ചടയ്ക്കുന്നവർക്ക് പരമാവധി 3% പലിശ സബ്‌വെൻഷൻ നൽകിവരുന്നു.

(ബി) ബാങ്കുകൾ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശയാണ് ഈടാക്കുന്നതു.

(സി) നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി 4% പലിശ സബ്‌സിഡി സർക്കാർ അനുവദിച്ച് വരുന്നുണ്ട്. 5% പലിശ ഇളവ് അനുവദിക്കാൻ വ്യവസ്ഥയുള്ളതിനാൽ പലിശയിനത്തിൽ ബാക്കി 2% കൂടി അനുവദിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ കേന്ദ്ര സഹായം തുടർന്നും നൽകണമെന്നഭ്യർത്ഥിച്ച് മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly